"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസ വകുപ്പ് - കോട്ടയം സർക്കാർ പോളിടെക്നിക് കോളേജിലെ ഡിപ്ലോമ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ് ബ്രാഞ്ചിലേയ്ക്ക് ഇൻസ്ട്രക്ടർ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് & ബിസിനസ് കറസ്പോണ്ടൻസ് തസ്തിക പുനർവിന്യസിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.149/2026/HEDN തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:- 1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 09-04-2025 , 08-02-2026 തീയതികളിലെ DTETVM/2188/2025-L1 (PLA) നമ്പർ കത്ത്.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോട്ടയം സർക്കാർ പോളിടെക്നിക് കോളേജിലെ ഡിപ്ലോമ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ് ബ്രാഞ്ചിലെ പാഠ്യപദ്ധതിയ്ക്ക് അനുസൃതമായ തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ, പ്രസ്തുത കോഴ്സിന്റെ പഠന നിലവാരത്തെ ബാധിക്കുന്നതായും ഇതിന് പരിഹാരമായി കോഴിക്കോട് വനിതാ പോളിടെക്നിക് കോളേജിലെ ടി ബ്രാഞ്ചിൽ അനുവദിച്ചിട്ടുള്ള ഇൻസ്ട്രക്ടർ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് & ബിസിനസ് കറസ്പോണ്ടൻസിന്റെ രണ്ട് തസ്തികകളിൽ ഒരെണ്ണം കോട്ടയം സർക്കാർ പോളിടെക്നിക് കോളേജിലേയ്ക്ക് സ്ഥിരമായി പുനർ വിന്യസിപ്പിച്ച് നൽകണമെന്നുമുള്ള സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. കോഴിക്കോട് വനിതാ പോളിടെക്നിക് കോളേജിലെ ഡിപ്ലോമ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ് ബ്രാഞ്ചിൽ അനുവദിച്ചിട്ടുള്ള ഇൻസ്ട്രക്ടർ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് & ബിസിനസ് കറസ്പോണ്ടൻസിന്റെ രണ്ട് തസ്തികകളിൽ ഒരെണ്ണം അടുത്ത അധ്യയന വർഷം മുതൽ കോട്ടയം സർക്കാർ പോളിടെക്നിക് കോളേജിലേയ്ക്ക് സ്ഥിരമായി പുനർ വിന്യസിപ്പിച്ച് കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് എം
ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾമാർക്ക് (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിനസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ& ഇ), കേരള, കോട്ടയം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
ധനകാര്യ വകുപ്പ്
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by Geetha Lekshmi.
G
Date: 28-02-2026 16:09:10

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.